"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-എൽ.എ.സി-എ.ഡി.എസ്-എറണാകുളം ജില്ല-ആലുവ നിയോജകമണ്ഡലം- അകപ്പറമ്പ് ഗവൺമെന്റ് ലോവർ പ്രൈമറി ബേസിക് സ്കൂളിന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

സ.ഉ.(സാധാ) നം.8235/2026/GEDN തീയതി,തിരുവനന്തപുരം, 07-10-2026

പരാമർശം:-
1. സ.ഉ.(അച്ചടി) നമ്പർ 178/2016/ധന തീയതി 09.12.2016
2. സ.ഉ.(അച്ചടി) നം.119/2018/ധന തീയതി 04.08.2018
3. സ.ഉ.(സാധാ) നം.1648/2019/ധന തീയതി 05.03.2019
4. എറണാകുളം ജില്ലാ കളക്ടറുടെ 20.02.2025 തീയതിയിലെ LSGD/JD/EKM/6832/2024-F2 നമ്പർ നടപടിക്രമം
5. 05.03.2025 തീയതിയിലെ 19/2025/ധന നമ്പർ സർക്കുലർ
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.12.2025 തീയതിയിലെ ബി2/17324/2025/ഡിജിഇ നമ്പർ കത്ത്
7. സ.ഉ.(സാധാ) നം.6498/2026/ധന തീയതി 15.08.2026

ഉത്തരവ്

ആലുവ നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തി വികസന ഫണ്ടിൽ (2024 - 2025) നിന്നും അകപ്പറമ്പ് ഗവൺമെന്റ് ലോവർ പ്രൈമറി ബേസിക് സ്കൂളിന് '4202-01-800-84- Projects under LAC-ADS - Other Projects - NP ' എന്ന ശീർഷകത്തിൽ നിന്നും ₹17,76,000(പതിനേഴ് ലക്ഷത്തി എഴുപത്തി ആറായിരം രൂപ മാത്രം) വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ, പ്രസ്തുത വാഹനം വാങ്ങുന്നതിനായി ₹16,24,995/- അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ, പരാമർശം (6) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിരുന്നു.

2. പരാമർശം (3) പ്രകാരം, 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ പ്രസ്തുത ശീർഷകത്തിലെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി ചുമതലപ്പെടുത്തിയിരുന്നു.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആലുവ നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തി വികസന ഫണ്ടിൽ (2024 - 2025) നിന്നും അകപ്പറമ്പ് ഗവൺമെന്റ് ലോവർ പ്രൈമറി ബേസിക് സ്കൂളിന് ബസ് വാങ്ങുന്നതിനായി ₹16,24,995/-

(പതിനാറു ലക്ഷത്തി ഇരുപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം), ലഭ്യമായിരിക്കുന്ന ഇൻവോയ്സുകളുടെയും അനുബന്ധ രേഖകളുടെയും ആധികാരികതയും അനുവദനീയതയും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തണമെന്ന നിബന്ധനയോടുകൂടി, 2026-27 സാമ്പത്തിക വർഷം '4202-01 -800-84- Projects under LAC - ADS - Other Projects - NP ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളും പരാമർശം (2), (5), (7) എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകളും കർശനമായി പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), ഓഡിറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
ധനകാര്യവകുപ്പ്(18.09.2026 തീയതിയിലെ 3434311/NC-B3/41/2026-FIN നമ്പർ അഭിപ്രായപ്രകാരം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ& പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ